**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **29-07-2021 - ൽ മറുപടിയ്ക്ക്**

**വടകര മോഡൽ പോളിടെക്നിക്ക് കോളേജ് സെമിനാർ ഹാൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21-ലെ ബഡ്ജറ്റിൽ വടകര മോഡൽ പോളിടെക്നിക്ക് കോളേജ് സെമിനാർ ഹാൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് 10 ലക്ഷം രൂപ വകയിരുത്തുകയുണ്ടായോ; | (എ) | 2020-21-ലെ ബഡ്ജറ്റിൽ വടകര മോഡൽ പോളിടെക്നിക്ക് കോളേജ് സെമിനാർ ഹാൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി ആരാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; ഈ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പതിനാലാം കേരള നിയമസഭയിൽ വടകര മണ്ഡലത്തെ പ്രതിനിധീകരിച്ച എം.എൽ.എ ശ്രീ.സി.കെ.നാണുവാണ് മേൽ പ്രവൃത്തിയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.<br>നിലവിൽ നിർമ്മാണപ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിക്കായി തുക വകയിരുത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | 2021-22 ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി യുക്തമായ ഭരണാനുമതി ശിപാർശ സമർപ്പിക്കുന്ന ഘട്ടത്തിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ